പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6316 | 31.10.2011ൽ മറുപടിയ്ക്ക് |
|---|---|

**പോഷകാഹാര രംഗത്തെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, ജോസഫ് വാഴക്കൻ<br>,, എം. എ. വാഹീദ്<br>,, ബെന്നി ബെഹനാൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) | പോഷകാഹാര രംഗത്തെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും ഗവേഷണങ്ങൾക്കുമായി എന്തെല്ലാം പദ്ധതികളാണ് പോഷകാഹാര നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) പോഷകാഹാര രംഗത്തെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും ഗവേഷണങ്ങൾക്കുമായി താഴെപറയുന്ന പദ്ധതികളാണ് പോഷകാഹാര കരട് നയത്തിൽ ശുപാർശ ചെയ്തിരിക്കുന്നത്.<br>• പോഷണത്തിൽ ജീവചക്ര സമീപനം.<br>• പോഷണത്തിൽ ഏകീകൃത സമീപനം.<br>• പോഷണ സുരക്ഷ ഉറപ്പാക്കൽ<br>• വ്യായാമത്തിലും കളികളിലും ഏർപ്പെടൽ<br>• പോഷണത്തിൽ സാമൂഹികമായ സമീപനം.<br>• പോഷണത്തിൽ എടുക്കുന്ന ഏതൊരു തീരുമാനത്തിനും ശാസ്ത്രീയ അടിത്തറ.<br>• ആഹാരസാധനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ മാർഗ്ഗങ്ങളുടെ ഫലപ്രദമായ വിനിയോഗം. |
| (ബി) | ഇതിനായി ബന്ധപ്പെട്ട വകുപ്പിന് കീഴിൽ പ്രത്യേക സംഘത്തെ നിയോഗിക്കുമോ; | (ബി) യും (സി) യും<br>കരട് നയത്തിന് അന്തിമ രൂപം നൽകിയിട്ടില്ല. ആയത് പരിശോധിച്ച ശേഷമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇത്തരം സംഘത്തിന്റെ പ്രവർത്തനം എങ്ങനെയായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്? | |

R. Vijayakumar

സെക്ഷൻ ഓഫീസർ